


# പ്രവാചകന്റെ ജീവിതരീതി

○

**ഡോ. ബി.എൻ പാണ്ഡെ**



**മുഹമ്മദിന്റെ** മക്കയിലെ ജീവിതവും അവിടെ അദ്ദേഹത്തോടു ചെയ്ത പൈശാചിക പ്രവൃത്തികളുടെ വിവരണങ്ങളും പുറത്തുന്നു കഴിഞ്ഞിട്ടുണ്ട്.

മദീനയിലെ മുഹമ്മദിന്റെ ജീവിതം ഗാർഹിക ജീവിതത്തിന്റെയും സന്യാസ ജീവിതത്തിന്റെയും അത്ഭുതകരമായ ഒരു സങ്കലനമായിരുന്നു. അത്യന്തം ലളിതവും അധ്വാനനിഷ്ഠവുമായിരുന്നു അവസാനം വരെയുള്ള അദ്ദേഹത്തിന്റെ ജീവിതം. സർക്കാർ നികുതികളിൽ നിന്നോ സകാത്തി(മുസൽമാൻ അവന്റെ വരവിന്റെ 140 ഭാഗദാനം ചെയ്യണമെന്ന ഇസ്‌ലാം സിദ്ധാന്തം)ൽ നിന്നോ സദ്ക്ക(ഈശ്വരാർപ്പണമായി സന്യാസിമാർക്കും മറ്റും നൽകുന്ന ദാനം)യിൽ നിന്നോ ഒരു ചില്ലിക്കാശുപോലും തന്റെയോ തന്റെ കുടുംബത്തിന്റെയോ ആവശ്യത്തിനു വേണ്ടി ചെലവാക്കുക പാപമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ചില പ്രത്യേക സ്നേഹിതന്മാരിൽനിന്ന് ഉപഹാരങ്ങളായോ സമ്മാനങ്ങളായോ അദ്ദേഹം എന്തെങ്കിലും സ്വീകരിച്ചിരുന്നു. അതും ആവശ്യത്തിൽ കൂടുതൽ ഒരിക്കലും സ്വീകരിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം ഉടമാവകാശത്തിൽ ഏതാനും ഈന്തപ്പനകളും കുറെ

ഒട്ടകങ്ങളും ആടുകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈന്തപ്പഴം, പാൽ മുതലായവ അങ്ങനെ ലഭിച്ചിരുന്നു. രാത്രി വീട്ടിൽ മിച്ചംവരുന്ന സാധനങ്ങൾ ദരിദ്രർക്ക് വിതരണം ചെയ്തു പോന്നു. നാളേക്ക് കരുതിവെക്കുന്നത് അല്ലാഹുവിൽ വിശ്വാസക്കുറവുള്ളതിനാലാണെന്നാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനം. ഫലമോ? ഈന്തപ്പഴത്തിന്റെ വിളവുണ്ടായില്ലെങ്കിൽ, വളർത്തുമൃഗങ്ങളിൽനിന്ന് പാല് ലഭിച്ചില്ലെങ്കിൽ പലപ്പോഴും അദ്ദേഹത്തിനും വീട്ടുകാർക്കും മുമ്മൂന്ന് ദിവസം പട്ടിണിയിരിക്കേണ്ടതായി വന്നിരുന്നു. ഈന്തപ്പഴവും പച്ചവെള്ളവും മാത്രം കഴിച്ച് മാസങ്ങൾ അദ്ദേഹത്തിന് തള്ളിനീക്കേണ്ടതായി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിനുശേഷം ആഇശ ഒരിക്കൽ പറയുകയുണ്ടായി – 'അടുപ്പിൽ തീ കത്തിക്കാതെ മാസങ്ങൾ തന്നെ കഴിച്ചിട്ടുണ്ട്.' അപ്പോൾ ആരോ അന്വേഷിച്ചു –'അപ്പോൾ നിങ്ങളെങ്ങനെ ജീവിച്ചിരുന്നു?' 'ആ രണ്ട് കറുത്ത സാധനങ്ങളുടെ (ഈന്തപ്പഴവും പച്ചവെള്ളവും) സഹായത്താൽ' – ആഇശയുടെ മറുപടി. അവർ കൂട്ടിച്ചേർത്തു –'ഞങ്ങൾക്ക് എന്തെങ്കിലുമൊക്കെ അയച്ചുതന്ന മദീനക്കാരെ അല്ലാഹു അനുഗ്രഹിക്കട്ടെ! പാൽ തരുന്ന മൃഗങ്ങളുടെ ഉടമസ്ഥർ ഞങ്ങൾക്ക് പാൽ അയച്ചുതന്നിരുന്നു.' പ്രവാചകൻ ഒരിക്കലും ഒരു ദിവസം രണ്ടുനേരം ആഹാരസാധനങ്ങളുടെ രുചി അറിഞ്ഞിട്ടില്ല. ഞങ്ങളുടെ വീട്ടിൽ അരിപ്പ് ഉണ്ടായിരുന്നിട്ടില്ല. ധാന്യങ്ങൾ ഇടിച്ച് അതിന്റെ പുറംതോട് ഊതിപ്പറപ്പിക്കുകയായിരുന്നു ഞങ്ങൾ. രാത്രി വിളക്കു കത്തിക്കാൻ വീട്ടിൽ എണ്ണ ഉണ്ടായിരുന്നിട്ടില്ല. വിശപ്പുനിമിത്തം മുഹമ്മദിന്റെ വയറ്റത്ത് പലപ്പോഴും കല്ലു കെട്ടി വെച്ച് നടക്കാറുണ്ടായിരുന്നു എന്ന് ഹദീസു(മുഹമ്മദിന്റെ വചനങ്ങൾ സംഗ്രഹിച്ചിട്ടുള്ളതും ഖുർആനിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ സംബന്ധിച്ച് പ്രാമാണികമായി കരുതുന്നതുമായ ഗ്രന്ഥം)കളിൽ എഴുതിയിട്ടുണ്ട്. പുറത്തുള്ളവർക്ക് വീട്ടുകാര്യങ്ങളെക്കുറിച്ചൊന്നും അറിയാനിടവരരുതെന്ന് വീട്ടിൽ കർശനമായ നിയന്ത്രണമുണ്ടായിരുന്നു. വിശപ്പുകൊണ്ട് ക്ലേശിച്ച ഒരു ബീവി ഒരിക്കൽ അസ്വസ്ഥ പ്രകടിപ്പിച്ചു. സമാധാനപൂർവം പ്രവാചകൻ മറുപടി നൽകി– 'ഈ ദുഃഖങ്ങൾ സഹിക്കാൻ കഴിയില്ലെങ്കിൽ എന്നിൽനിന്നും വിവാഹമോചനം നേടാൻ അവകാശമുണ്ട്. എവിടെ വേണമെങ്കിലും പോയി താമസിക്കാം.' എന്നാലവസാനം വരെ ഏതെങ്കിലും ബീവിയെ മൊഴി ചൊല്ലിയില്ല. ആരെങ്കിലും അദ്ദേഹത്തെ ഉപേക്ഷിച്ചു പോയതുമില്ല.

സ്വന്തം വീടു പലപ്പോഴും മുഹമ്മദ് തൂത്തു തുടച്ച് വൃത്തിയാക്കുമായിരുന്നു. ആടുകളെ കറക്കുമായിരുന്നു. സ്വന്തം വസ്ത്രങ്ങളിൽ സ്വന്തം കൈകൊണ്ട് കണ്ടം വെച്ച് തയ്ച്ചിരുന്നു. സ്വന്തം കൈകൊണ്ട് തന്നെ ചെരുപ്പുകൾ തുന്നുമായിരുന്നു. സ്വന്തം ഒട്ടകത്തിന്റെ രോമങ്ങൾ വൃത്തിയാക്കുമായിരുന്നു. പനയോല പായ്കളിലും വെറും തറയിലും കിടന്നുറങ്ങുമായിരുന്നു. അവസാനരോഗകാലങ്ങളിൽ അദ്ദേഹത്തിന്റെ പുറത്ത് കിടന്ന പായുടെ പാട് കണ്ട ആരോ ഒരു കിടക്ക വിരിച്ചുകൊടുക്കാൻ അനുവാദം ചോദിച്ചു. ഞാൻ സുഖിക്കാനല്ല ജനിച്ചതെന്നു പറഞ്ഞ് മുഹമ്മദ് അതു നിഷേധിച്ചു.

ഒന്നര മന്ന് യവത്തിനുവേണ്ടി അദ്ദേഹത്തിന്റെ പടച്ചട്ട പണയത്തിലായിരുന്നു മരിക്കുമ്പോൾ. അതിനെക്കാളും വിശേഷം, വീട്ടിലേതെങ്കിലും അതിഥി വന്നാൽ സ്വയം പട്ടിണിയിരുന്ന് ചിലപ്പോഴൊക്കെ വീട്ടുകാരെയും പട്ടിണിയിരുത്തി അതിഥിക്ക് സ്നേഹപൂർവം ആഹാരം നൽകിയിരുന്നു. ഇറാൻ, റോം, എത്യോപ്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും അംബാസിഡർമാർ മുഹമ്മദിന്റെ രാജസദസുകളിൽ വന്നുപോയ്ക്കൊണ്ടിരുന്ന കാലങ്ങളിൽ പോലും, അക്കാലത്തെ അറബികളുടെ അസ

ദൃശനായ ഈ ചക്രവർത്തി ഒരിക്കലും ഒരു തരത്തിലുമുള്ള സിംഹാസനങ്ങളോ പീഠങ്ങളോ മറ്റേതെങ്കിലും ഉയർന്ന നാൽകാലികളോ ഇരിക്കാൻ ഉപയോഗിച്ചിരുന്നില്ല. സാധാരണക്കാരുമായി ചേർന്ന് തറയിൽ ഇരിക്കുമായിരുന്നു. ആരും ഒരുതരത്തിലുള്ള ഒരു വ്യത്യാസവും കാണാനിടയാകരുത്. അദ്ദേഹം വന്നു കയറുമ്പോൾ ആരെങ്കിലും ബഹുമാനപൂർവം എഴുന്നേൽക്കുകയാണെങ്കിൽ അദ്ദേഹത്തിന് ദുഃഖമാകും, കോപിക്കുകയും ചെയ്യും.

പട്ടുതുണികളൊന്നും അദ്ദേഹം ധരിക്കുമായിരുന്നില്ല. അദ്ദേഹം പറയുമായിരുന്നു –'മതവിശ്വാസി ഒരിക്കലും പട്ടുവസ്ത്രങ്ങൾ ധരിച്ചുകൂടാ.' നിറമുള്ള തുണികൾ ചിലപ്പോഴൊക്കെ അദ്ദേഹം ധരിച്ചു പോന്നു. എന്നാൽ വെളുത്തുതടിച്ച പരുത്തി വസ്ത്രങ്ങളോടായിരുന്നു അദ്ദേഹത്തിനേറെ മമത. അദ്ദേഹമധികവും തൈക്കാത്ത വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. സാധാരണ ഗതിയിൽ അടിമുടി ഒരു വെളുത്ത പുതപ്പ് പുതക്കുമായിരുന്നു. അതിന്റെ രണ്ടറ്റവും കഴുത്തിനു പിറകിൽ തോളിനുമുകളിൽ ബന്ധിച്ചിടും. നഗ്നശിരസ്കനായി നഗ്നപാദനായിരിക്കുകയാണധികപങ്കും. ചിലപ്പോഴൊക്കെ അരക്കൈയുള്ള അയഞ്ഞുകിടക്കുന്ന കുപ്പായം ധരിക്കും. ലുങ്കിയും തലയിലൊരു കെട്ടും. ജീവിതത്തിലൊരിക്കൽ പോലും പൈജാമ ധരിച്ചിട്ടില്ല. ഒരു മൊന്തയിലധികം പാത്രങ്ങൾ ഒപ്പം സൂക്ഷിക്കാറില്ല. അതും മണ്ണുകൊണ്ടുള്ളതോ മരം കൊണ്ടുള്ളതോ ആയിരിക്കും.

ഉറപ്പില്ലാത്ത ഇഷ്ടികകൾകൊണ്ട് പണിത വീട്ടിലായിരുന്നു അദ്ദേഹത്തിന്റെ താമസം. വ്യത്യസ്ത ഭാര്യമാർക്ക് പ്രത്യേകം കുടിലുകളുണ്ടായിരുന്നു. അവയ്ക്കിടയിൽ പനയുടെ ഇളംതണ്ടുകൾ കൊണ്ടുതീർത്ത കുമ്മായം തേച്ചിട്ടുള്ള മതിലുകളും. ഇതേ ഇളം തണ്ടുകൾ കൊണ്ടുള്ള മേൽക്കൂരയും. അദ്ദേഹത്തിന്റെ വീടിന് കതകുകളുണ്ടായിരുന്നില്ല. കതകുകളുടെ സ്ഥാനത്ത് തോലിന്റെയോ കറുത്ത കമ്പിളിയുടെയോ മറ തൂക്കിയിട്ടിരുന്നു.

മുഹമ്മദിന് ആടിന്റെയോ ഒട്ടകത്തിന്റെയോ മാംസത്തോട് പഥ്യമായിരുന്നില്ല. ഈന്തപ്പഴവും പച്ചവെള്ളവും അല്ലെങ്കിൽ യവത്തിന്റെ ചപ്പാത്തിയും പച്ചവെള്ളവും ആയിരുന്നു സാധാരണ അദ്ദേഹത്തിന്റെ ആഹാരം. പാലും തേനും അദ്ദേഹത്തിനിഷ്ടമായിരുന്നു. എന്നാലവ കുറവായേ കഴിച്ചിരുന്നുള്ളൂ. ഒരിക്കൽ ആരോ ബദാം മാവ് അദ്ദേഹത്തിന് കൊണ്ടുകൊടുത്തു. ദുർവ്യയം ചെയ്യുന്നവരുടെ ആഹാരമാണിതെന്നു പറഞ്ഞ് അത് സ്വീകരിക്കാൻ വിസമ്മതിച്ചു. ചുവന്നുള്ളിയോടും വെളുത്തുള്ളിയോടും വെറുപ്പായിരുന്നു. അവ ചേർന്ന ഭക്ഷണം കഴിക്കുകയോ അവയുടെ ഗന്ധം വമിക്കുന്നവരുടെയടുത്ത് ഇരിക്കാൻ ഇഷ്ടപ്പെടുകയോ ചെയ്തിരുന്നില്ല. ചുവന്നുള്ളിയോ വെളുത്തുള്ളിയോ കഴിച്ചിട്ട് ആരും പള്ളിയിൽ പോകരുതെന്ന ഉത്തരവുകൂടിയുണ്ടായിരുന്നു.

ചെറിയവരോടും വലിയവരോടും അദ്ദേഹത്തിന്റെ പെരുമാറ്റം ഒരു പോലെ തന്നെയായിരുന്നു. കുട്ടികളോട് പ്രത്യേക സ്നേഹമായിരുന്നു അദ്ദേഹത്തിന്. വഴിക്ക് നടന്നുപോകുമ്പോൾ ഇടക്ക് നിൽക്കുകയും കുട്ടികളോടൊത്ത് തെരുവിൽ കളിക്കുകയും ചെയ്യുക നിത്യസംഭവങ്ങളിലൊന്നുമാത്രം. രോഗികളെ കാണാൻ പോവുക, മുസ്‌ലിംകളുടേയോ അമുസ്‌ലിംകളുടെയോ ശവദാഹയാത്ര പോകുമ്പോൾ കുറച്ചു ദൂരം അതിനോടൊപ്പം യാത്ര ചെയ്യുക, ഏറ്റവും ചെറിയ അടിമയായാൽ കൂടി വിരുന്നു നൽകിയാൽ സസന്തോഷം അത് സ്വീകരിക്കുക എല്ലാം അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രത്യേകതകളായിരുന്നു.

ഏറ്റവും എളിയ ആളുകളോട് വളരെ സ്നേഹമായും ആദരവോടും പെരുമാറുക, കുനിഞ്ഞു നടക്കുക, ആരുടെയെങ്കിലും പ്രവൃത്തിയോ അഭിപ്രായമോ അവമതിക്കാതിരിക്കുക, സ്വയം നിയന്ത്രിക്കുക, ഉദാരതയും മഹാമനസ്കതയും നിലനിർത്തുക മുതലായവ അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. ഈ സ്വഭാവ മഹിമകൾ എപ്പോഴും അദ്ദേഹത്തിൽ തെളിഞ്ഞു വിളങ്ങിയിരുന്നു. ഇക്കാരണങ്ങളാൽ സമീപസ്ഥരായ ജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കുകയും ചെയ്തിരുന്നു.

അറേബ്യയിലും ലോകത്തിന്റെ ഇതരഭാഗങ്ങളിലും അടിമത്തം നിലനിന്നിരുന്നു അക്കാലത്ത്. കിട്ടിയ അടിമകളെയൊക്കെ മുഹമ്മദ് സ്വതന്ത്രരാക്കിയിരുന്നുവെന്നാണ് അദ്ദേഹത്തെക്കുറിച്ച് രേഖപ്പെടുത്തിക്കാണുന്നത്. അടിമകളെ സ്വതന്ത്രരാക്കുന്നതും സ്വതന്ത്രരാക്കിക്കുന്നതും വളരെ വലിയ പുണ്യ കർമമായി ഖുർആനിൽ വീണ്ടും വീണ്ടും വിവരിച്ചു കാണുന്നുണ്ട്. ഇക്കാര്യത്തിൽ അദ്ദേഹം ജനങ്ങളെ ശരിക്കും സഹായിച്ചിരുന്നു, അവർക്ക് ധൈര്യം പകർന്നു നൽകിയിരുന്നു.

ചിന്താമഗ്നനും ഉദാസീനനും ആയാണ് അദ്ദേഹം എപ്പോഴും കാണാറ്. ചിലപ്പോഴൊക്കെ സ്നേഹം നിറഞ്ഞ ഒരു മന്ദഹാസം അദ്ദേഹത്തിന്റെ മുഖത്ത് തെളിഞ്ഞുകാണും. കാൽനടയായിട്ടാണദ്ദേഹം പോകുന്നതെങ്കിൽ മറ്റുള്ളവർ ഓടിവേണം അദ്ദേഹത്തോടൊപ്പം ചെല്ലാൻ.

'ഞാൻ നിങ്ങളെപ്പോലെ തന്നെ ഒരു മനുഷ്യനാണ്'– തന്റെ ഉപദേശങ്ങളിൽ വീണ്ടും വീണ്ടും അദ്ദേഹം ഊന്നിപ്പറയും. തന്റെ തെറ്റുകൾക്കായി വീണ്ടും വീണ്ടും അദ്ദേഹം കരഞ്ഞും കണ്ണീരൊഴുക്കിയും ദൈവത്തോട് പ്രാർഥിക്കുമായിരുന്നു. ഈ രണ്ടു കാര്യങ്ങളും ഖുർആനിൽ പലവട്ടം സൂചിപ്പിച്ചിട്ടുണ്ട്.

ഖുർആനിൽ ഒരിടത്ത് ഇങ്ങനെ കാണുന്നു:

'ഞാൻ (മുഹമ്മദ്) തെറ്റു ചെയ്യുകയാണെങ്കിൽ ഉപദേശം തന്ന് എന്നെ നേർവഴിക്ക് നടത്തുന്ന ഈശ്വരൻ വാസ്തവത്തിൽ എല്ലാം കേൾക്കുന്നവനും ഏറ്റവും അടുത്ത് നിൽക്കുന്നവനും ആണെന്നു പറയൂ.'

സുപ്രസിദ്ധ ഇംഗ്ലീഷ് തത്ത്വശാസ്ത്രജ്ഞൻ കാർലൈൽ മുഹമ്മദിനെ കുറിച്ചെഴുതുന്നു:

'പ്രകൃതിയുടെ വിശാലമായ മടിത്തട്ടിൽ നിന്നും പുറപ്പെട്ട, തീജ്വാലകൾ വമിപ്പിക്കുന്ന ഒരു കനൽകട്ടയായിരുന്നു അദ്ദേഹം. ലോക സ്രഷ്ടാവിന്റെ ആജ്ഞയനുസരിച്ച് ലോകത്തെ പ്രകാശിപ്പിക്കാൻ വന്നയാൾ.'

മുഹമ്മദിന്റെ പരിശ്രമങ്ങളെയും ഫലപ്രാപ്തികളെയും വർണിച്ചുകൊണ്ട് മറ്റൊരു പണ്ഡിതൻ എഴുതുന്നു:–

'തന്റെ രാജ്യത്തിന് വലിയ ഗുണം ചെയ്തിട്ടുണ്ട് മുഹമ്മദ്. അതിനെ അനുഗ്രഹിക്കുകയും ചെയ്തു. ശരിയായ രീതിയിലുള്ള ഭരണമോ ബുദ്ധിപൂർവമെന്നു വിളിക്കാവുന്ന മതമോ ഏതെങ്കിലും തരത്തിലുള്ള സദാചാരമോ മാന്യമായ ജീവിതമോ നിലവില്ലാതിരുന്ന രാജ്യത്താണദ്ദേഹം ജനിച്ചത്. ഈ മൂന്നു കാര്യങ്ങളെപ്പറ്റി അവർക്ക് യാതൊരു വിവരവുമുണ്ടായിരുന്നില്ല. മുഹമ്മദാണ് ഈ മൂന്നു കാര്യങ്ങളും അവിടെ നടപ്പിലാക്കിയത്. അസാധാരണമായ തന്റെ അവബോധത്തിന്റെ ഒരൊറ്റ പ്രയോഗം കൊണ്ട് ഭരണരംഗത്തും മതത്തിലും സ്വഭാവത്തിലും ഒരുമിച്ച് പരിഷ്കരണം സാധിച്ചു അദ്ദേഹം. വളരെയേറെ വ്യത്യസ്തങ്ങളായ ഛിന്നിച്ചിതറിയ കബീലാകളുടെ സ്ഥാനത്ത് പരസ്പരം ബന്ധപ്പെട്ട ഒരു രാഷ്ട്രം അദ്ദേഹം പടുത്തുയർത്തി. എണ്ണമറ്റ ദേവീദേവന്മാരെക്കുറിച്ചുള്ള അന്ധവിശ്വാസത്തിന്റെ സ്ഥാനത്ത് സകലതിന്റെയും

ഉടയോനും സകലതും ചെയ്യാൻ കഴിവുള്ളവനുമായ ബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയുന്നവനായ, ദയാലുവായ ഒരു പരമാത്മാവിൽ വിശ്വാസം ജനിപ്പിച്ചു. ആ പരമാത്മാവ് നമ്മെ ഓരോ നിമിഷവും നോക്കിക്കൊണ്ടിരിക്കുകയാണെന്നും നന്മതിന്മ നിറഞ്ഞ നമ്മുടെ സകല പ്രവൃത്തികളുടെയും ഫലം നൽകുന്നുവെന്നും അദ്ദേഹം ജനങ്ങളെ ഉൽബോധിപ്പിച്ചു. ഈ വിശ്വാസങ്ങളുടെ സഹായത്താലാണ് അദ്ദേഹം ജനങ്ങളെ ശരിയായ ജീവിതം നയിക്കാൻ പഠിപ്പിച്ചത്.'

മറ്റൊരു പണ്ഡിതൻ എഴുതുന്നു:–

'ഇന്നുവരെ ജനിച്ചിട്ടുള്ള മഹാത്മാക്കളിൽ ശരിയായ അർഥത്തിൽ ഏറ്റവുമധികം സ്നേഹവും ഭക്തിയും നിറഞ്ഞ ആളായിരുന്നു മുഹമ്മദ്.

അദ്ദേഹം ഒരു മഹാപുരുഷൻ മാത്രമായിരുന്നില്ല, മഹാന്മാരിൽ മഹാനായ, സത്യവാന്മാരിൽ സത്യവാനായ ഒരാളിന് മനുഷ്യലോകം എന്നെങ്കിലും ജന്മം നൽകിയിട്ടുണ്ടെങ്കിൽ അവരിൽ ഒരാളാണദ്ദേഹം; മഹാനായ പ്രവാചകനെന്ന നിലയിലും രാജ്യഭക്തനെന്ന നിലയിലും രാഷ്ട്രതന്ത്രം നിശ്ചയമുള്ളയാൾ എന്ന നിലയിലും കൂടി. ലോകത്തെയും മതത്തെയും പരിഷ്കരിക്കുന്നവനും ഉയർത്തുന്നവനുമായിരുന്നു അദ്ദേഹം. ഒരു രാഷ്ട്രം കെട്ടിപ്പടുത്തു, അതിലും വലിയ ഒരു സാമ്രാജ്യം പടുത്തുയർത്തി. അതിനെക്കാളും വലിയ മറ്റൊരു കാര്യം കൂടി ചെയ്തു– ഒരു വിശാലമായ മതം സ്ഥാപിച്ചു. ഭാവിയിൽ ഏതെങ്കിലും കാലഘട്ടത്തിൽ ഈ കാലഘട്ടത്തിലെ മതത്തിന്റെ പേരിൽ വ്യത്യസ്ത ചേരികൾ സൃഷ്ടിച്ച് കഴിയുന്നവർ ആ ചേരികളിൽനിന്നും പുറത്തുകടന്ന് ഏറെ വ്യാപകവും ഏറെ മനസ്സിലാകുന്നതുമായ മനുഷ്യമതത്തെ ആദരിക്കാൻ തുടങ്ങുമ്പോൾ അദ്ദേഹം (മുഹമ്മദ്) ഇന്നത്തേതിലും എത്രയോ കൂടുതൽ ആദരപൂർവം സ്മരിക്കപ്പെടും. ഏറ്റവും വലിയ മഹാപുരുഷന്മാരിലും വളരെ വലിയ ആളായിരുന്നു സത്യത്തിൽ മുഹമ്മദ്.'

മുഹമ്മദിന്റെ നിര്യാണത്തിനു നൂറു വർഷങ്ങൾക്കുള്ളിൽ അറേബ്യൻ സാമ്രാജ്യം എത്ര വലുതും എത്ര ദൂരം വരെയും വ്യാപിച്ചതും ആയിരുന്നോ, സുപ്രസിദ്ധമായ റോമൻ സാമ്രാജ്യം അതിന്റെ ഏറ്റവും നല്ല കാലത്തുപോലും അത്ര വലുതും ദൂരവ്യാപകവും ആയിരുന്നിട്ടില്ല.

ക്രിസ്തബ്ദം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോകത്തിൽ മുപ്പതുകോടിയിലേറെ ജനങ്ങൾ ഇസ്ലാം മതത്തിൽ വിശ്വസിക്കുന്നവരായിരുന്നു. ■